കരിച്ചവമൂലം ഏകദേശം 33 ലക്ഷം രൂപയുടെ ചെലവു് ഒരു വർഷം കുറയ്ക്കാൻ സാധിക്കുമെന്നാണു് കണക്കാക്കിയിട്ടുള്ളതു്.

(സി) ഓരോ ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചും സ്പെഷ്യലാഫീസർ നൽകുന്ന ശുപാർശകൂടിനോക്കി ഈ സംഗതി പരിഗണിക്കുന്നതാണു്.

ബസ്സുകളിലെ മിനിമംചാർജു്

* 183. [9] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ബസ്സുകളിലെ മിനിമം ചാർജു് പത്തു നയാപൈസയായി കുറയ്ക്കുവാൻ എന്നാണു് തീരുമാനിച്ചതു് ;

(ബി) ഇതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം എന്നു പരസ്യപ്പെടുത്തി ;

(സി) മിനിമം ചാർജു് 10 നയാപൈസയായി കുറവുചെയ്യുകൊണ്ടുള്ള തീരുമാനം ഇനിയും നടപ്പിൽ വരുത്താത്തതിൻറെ കാരണമെന്തു് ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 18-9-1963-ൽ.
(ബി) 24-9-1963-ൽ.
(സി) മോട്ടോർ വാഹനനിയമത്തിലെ 43-ാംവകുപ്പു് അനുശാസിക്കുന്ന നടപടിക്രമങ്ങളും പൂർത്തിയാകാത്തതുകൊണ്ടു്.

പ്രീയൂണിവേഴ്സിറ്റി കോഴ്സു്

* 184. [12] ശ്രീമതി കുസുമം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് പ്രീയൂണിവേഴ്സിറ്റി കോഴ്സു് 2 വർഷമാക്കുവാൻ തീരുമാനമെടുത്തുകഴിഞ്ഞുവോ;

(ബി) എന്നുമുതലാണു് ഇതു് നടപ്പിലാക്കുക ;

(സി) എസ്സു്. എസ്സു്. എൽ. സി. വരെ എല്ലാവിഷയങ്ങളും പഠിക്കുന്ന ഒരു കുട്ടിക്കു് കോളേജിലെങ്കിലും തൻറെ വാസനയനുസരിച്ചു വിഷയങ്ങളും പഠിക്കുന്നതിനും അതിൽ പ്രാവീണ്യം നേടുന്നതിനും അവസരം നൽകുമോ ;

(ഡി) അഖിലേന്ത്യാടിസ്ഥാനത്തിൽ ഉള്ള മത്സരപരീക്ഷകളിൽ നമ്മുടെ കുട്ടികളും പുറകോട്ടുപോകാതിരിക്കുവാൻ അതു് സഹായിക്കും എന്നു് ഗവണ്മെൻറു് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കഴിഞ്ഞു.
(ബി) അടുത്ത അദ്ധ്യയനവർഷം മുതൽ.
(സി) വരുന്നകൊല്ലംതൊട്ടു തുടങ്ങേണ്ട പാഠപദ്ധതികളെപ്പറ്റി സർവ്വകലാശാല പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.
(ഡി) കരുതുന്നുണ്ടു്.

മലയാള സർവ്വവിജ്ഞാന കോശം.

* 185. [13] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സർവ്വവിജ്ഞാനകോശത്തിൻറെ പ്രവർത്തനം എത്രത്തോളം പുരോഗമിച്ചു, എത്ര വാല്യങ്ങളായിട്ടാണു് ഇതു് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly